# India-Bangladesh Maitri Diwas

December 02, 2021

---

## ഇന്ത്യ ബംഗ്ലാദേശ് മൈത്രി ദിവസ്

ഡിസംബർ 02, 2021

ബംഗ്ലാദേശിന്റെ ദേശീയ ദിനത്തിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2021 മാർച്ചിൽ നടത്തിയ ബംഗ്ലാദേശ് സന്ദർശനത്തിൽ, ഡിസംബർ 06 മൈത്രി ദിവസ് (സൗഹൃദ ദിനം) ആയി ആചരിക്കാൻ തീരുമാനിച്ചിരുന്നു. ബംഗ്ലാദേശ് വിമോചനത്തിന് പത്ത് ദിവസം മുമ്പ്, 1971 ഡിസംബർ 06 ന് ഇന്ത്യ ബംഗ്ലാദേശിനെ അംഗീകരിച്ചിരുന്നു. ബംഗ്ലാദേശുമായി ഉഭയകക്ഷി നയതന്ത്ര ബന്ധം സ്ഥാപിച്ച ആദ്യത്തെ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

2. ധാക്കയിലും ഡൽഹിയിലും കൂടാതെ ലോകത്തെ 18 രാജ്യങ്ങളിൽ മൈത്രി ദിവസ് അനുസ്മരിക്കുന്നു. ബെൽജിയം, കാനഡ, ഈജിപ്ത്, ഇന്തോനേഷ്യ, റഷ്യ, ഖത്തർ, സിംഗപ്പൂർ, യുകെ, ഓസ്ട്രേലിയ, ഫ്രാൻസ്, ജപ്പാൻ, മലേഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, സ്വിറ്റ്സർലൻഡ്, തായ്‌ലൻഡ്, യുഎഇ, യുഎസ്എ എന്നിവയാണ് ഈ രാജ്യങ്ങൾ. മൈത്രി ദിവസ് ആചരിക്കുന്നത് ഇന്ത്യയിലെയും ബംഗ്ലാദേശിലെയും ജനങ്ങൾ തമ്മിലുള്ള ആഴമേറിയതും നിലനിൽക്കുന്നതുമായ സൗഹൃദത്തിന്റെ പ്രതിഫലനമാണ്, അത് രക്തത്തിൽ അലിഞ്ഞുചേർന്നതും ഒരുമിച്ചുള്ള ത്യാഗങ്ങൾ ഉൾപ്പെടുന്നതുമാണ്

**ന്യൂ ഡെൽഹി**
**ഡിസംബർ 02, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.